**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 222** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആദ്യ ഘട്ടത്തിൽ 2.64 കോടി രൂപയുടേയും, രണ്ടാം ഘട്ടത്തിൽ 9.71 കോടി രൂപയുടേയും ചേർത്ത് ആകെ 12.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 2.64 കോടി രൂപയിൽ 59.57 ലക്ഷം ഭൂമിയുടെ പാട്ടത്തുകയായി വിനിയോഗിക്കുകയും ശേഷിച്ച 2.04 കോടി രൂപ ഉപയോഗപ്പെടുത്തി ഗ്രൗണ്ട് ഫ്ലോറിന്റെ സിവിൽ ജോലികൾ ആദ്യ ഘട്ടമായി പൊതുമരാമത്ത് വകുപ്പ് മുഖേന പുരോഗമിക്കുന്നു. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തിലാണ് 9.71 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിൻ പ്രകാരം, 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന 2 കോടി രൂപ ഉപയോഗപ്പെടുത്തി രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ ആദ്യപടിയായി ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എന്നിവയുടെ കോമ്പോസിറ്റ് വർക്ക് ആയതിനാൽ ഓരോ വകുപ്പിന്റെയും ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചാൽ മാത്രമേ അന്തിമ സാങ്കേതികാനുമതി ലഭ്യമാക്കാൻ കഴിയൂ. ആയതിനു ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. കൂടാതെ 2026-27 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 3 കോടി രൂപ കൂടി പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി റിലീസ് ചെയ്യുന്നതിനുള്ള നടപടികളും ഭക്ഷ്യസുരക്ഷാ കമ്മീഷണർ സ്വീകരിച്ചിട്ടുള്ളതാണ്.

**(ബി)** പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണത്തിന്റെ ഭരണാനുമതി തുക എത്രയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**